**OFFICE OF THE COCHIN DEVASWOM BOARD**
**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin @cochindevaswomboard.org.

No.R1-1268/95 Dated: 13/12/19

## കൊച്ചിൻ ദേവസ്വം ബോർഡ്
## ലേലപരസ്യം

കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ശ്രീവടക്കുന്നാഥൻ ക്ഷേത്രമൈതാനത്തിന് ചുറ്റും സ്ഥാപിച്ചിട്ടുള്ള ഇരുമ്പ് ഗ്രില്ലിന്മേൽ 20/01/20 മുതൽ 19/01/22 കൂടി 2 വർഷകാലത്തേയ്ക്ക് നിയമാനുസൃതം പരസ്യം എഴുതുന്നതിനും ഗ്ലോസൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനുമുള്ള അവകാശം ഏറ്റെടുക്കുവാൻ താല്പര്യമുള്ളവരിൽ നിന്നും സീൽ ചെയ്ത ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു. മേൽ പറഞ്ഞ 2 വർഷക്കാലത്തേയ്ക്ക് ദേവസ്വം നിബന്ധനകൾക്ക് വിധേയമായി പരസ്യം എഴുതുന്നതിന് ബോർഡിലേയ്ക്ക് അടയ്ക്കാവുന്ന പരമാവധി തുകയുടെ ഓഫറിനോടൊപ്പം കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശൂരിൽ മാറാവുന്ന 3,00,000/-ക യുടെ ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ഉള്ളടക്കം ചെയ്യേണ്ടതാണ്. കൂടാതെ ടെണ്ടർ ലഭിക്കുന്ന വ്യക്തി ഓഫർ സമർപ്പിയ്ക്കുന്ന തുകയ്ക്ക് ആവശ്യമായ ബാങ്ക് ഗ്യാരണ്ടി സമർപ്പിയ്ക്കേണ്ടതാണ്.

ഏറ്റവും കൂടുതൽ തുക ഓഫർ ചെയ്യുന്ന കരാറുകാരന് ദേവസ്വം ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി നിലവിലുള്ള ഗ്രില്ലുകളിന്മേൽ ടിയാന്റെ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ദേവസ്വം ബോർഡിൽ നിന്നും അംഗീകരിക്കുന്നതും ക്ഷേത്രാചാരമര്യാദകൾക്ക് വിരുദ്ധമല്ലാത്തതുമായ പരസ്യങ്ങൾ എഴുതുവാൻ അനുവദിക്കുന്നതാണ്. നിരോധിച്ച പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ കൊണ്ട് നിർമ്മിച്ച പരസ്യങ്ങൾ അനുവദനീയമല്ല. ടെണ്ടറുകൾ **2019 ഡിസംബർ 27-ാം തിയ്യതി പകൽ 3 മണിയ്ക്ക്** മുമ്പായി ദേവസ്വം ബോർഡ് ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള ടെണ്ടർ ബോക്സിൽ നിക്ഷേപിക്കേണ്ടതും ആയത് അന്നേ ദിവസം 3.30 ന് തുറന്ന് പരിശോധിയ്ക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ പ്രവർത്തി സമയങ്ങളിൽ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

Sd/-
സെക്രട്ടറി
കൊച്ചിൻ ദേവസ്വം ബോർഡ്